ദേശാഭിമാനി
02 July 2018

# ഡോ. കാജൽ ചക്രവർത്തിക്ക് റാഫി അഹമ്മദ് കിദ്വായ് പുരസ്കാരം

**കൊച്ചി**

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിലെ (സിഎംഎഫ്ആർഐ) സീനിയർ സയന്റിസ്റ്റും നാഷണൽ അക്കാദമി ഓഫ് അഗ്രികൾച്ചറൽ സയൻസസ് ഫെലോയുമായ ഡോ. കാജൽ ചക്രവർത്തിക്ക് ദേശീയ കാർഷിക ഗവേഷണ കൗൺസിലിന്റെ (ഐസിഎആർ) റാഫി അഹമ്മദ് ക്വിദ്വായ് പുരസ്കാരം. കടൽപായലിൽനിന്ന് പ്രമേഹം, സന്ധിവേദന, അമിതവണ്ണം, തൈറോയ്ഡ് തുടങ്ങിയ രോഗങ്ങൾക്കുള്ള ഔഷധോൽപ്പന്നങ്ങൾ വികസിപ്പിച്ചതടക്കമുള്ള ഗവേഷണ പ്രവർത്തനങ്ങൾക്കാണ് അഞ്ചുലക്ഷം രൂപയും പ്രശസ്തി പത്രവുമടങ്ങുന്ന പുരസ്കാരം. ഐസിഎആറിന്റെ സ്ഥാപകദിനമായ ജൂലൈ 16ന് ഡൽഹിയിൽവച്ച് നടക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോഡി പുരസ്കാരം നൽകും.



സമുദ്ര ജൈവസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട ഗവേഷണങ്ങളാണ് ഡോ. കാജലിന്റെ പ്രവർത്തനമേഖല. മേഖലയിലെ അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങൾ പേറ്റന്റ് നേടിയിട്ടുണ്ട്. ഡോ. കാജൽ ചക്രവർത്തി വികസിപ്പിച്ച ഔഷധോൽപ്പന്നങ്ങളുടെ സാങ്കേതികവിദ്യ വാണിജ്യാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് സിഎംഎഫ്ആർഐ സ്വകാര്യ കമ്പനികൾക്ക് അനുമതിയും നൽകിയിട്ടുണ്ട്.